## സ്മാർട്ട് സിറ്റി പദ്ധതിയും അടിസ്ഥാന സൗകര്യങ്ങളും

51 [52] പ്രൊഫ. കെ. വി. തോമസ് :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

,, വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതി പൂർണ്ണമായും പ്രവർത്തനക്ഷമമാവുമ്പോൾ എന്തെല്ലാം അടിസ്ഥാനസൗകര്യങ്ങളും പശ്ചാത്തല സൗകര്യങ്ങളുമാണ് എറണാകുളം ജില്ലയിൽ ഒരുക്കേണ്ടത്;

(ബി) ഇവ ഒരുക്കുന്നതിന് ഇതിനോടകം എന്തെല്ലാം പദ്ധതികൾക്ക് രൂപം കൊടുത്തു;

(സി) ഈ പദ്ധതികൾ ഓരോന്നും എത്ര കാലം വീതമുള്ള എത്ര ഘട്ടങ്ങൾ ആയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്?

### ഉത്തരം

(എ) സ്മാർട്ട് സിറ്റിയുടെ Periphery വരെ റോഡ്, വൈദ്യുതി, ജലം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളാണ് എറണാകുളം ജില്ലയിൽ ഒരുക്കേണ്ടത്.

(ബി & സി) ഇവ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കമ്പനി വസ്തുക്കളിൻമേലുള്ള ഇൻകംടാക്സ്

52 [53] ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്മാർട്ട് സിറ്റി സ്ഥാപിക്കുന്നതിന് യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് ഭൂമി വിലയ്ക്ക് വാങ്ങുന്ന സംഗതിയിൽ ആ ഭൂമിക്കുവേണ്ടി ചെലവാക്കുന്ന തുകയ്ക്ക് എന്തു തുക ഇൻകം ടാക്സ് ഇനത്തിൽ കൊടുക്കേണ്ടതായി വന്നിട്ടുണ്ട്;

(ബി) നിലവിലുള്ള ഗവൺമെന്റ് ടീകോമിന് സ്മാർട്ട് സിറ്റി സ്ഥാപിക്കാനുള്ള ഭൂമി പാട്ടത്തിന് നൽകുന്നതുകൊണ്ട് ടീകോം പാട്ടം ഇനത്തിൽ ചെലവഴിക്കുന്ന തുകയ്ക്ക് എത്ര തുക ഇൻകംടാക്സ് ഇനത്തിൽ കൊടുക്കേണ്ടതുണ്ട്.?

### ഉത്തരം

(എ) സ്മാർട്ട് സിറ്റി സ്ഥാപിക്കുന്നതിന് യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. അതിനാൽ ഇൻകം ടാക്സിന്റെ പ്രശ്നം ഉദിക്കുന്നില്ല.

(ബി) സ്മാർട്ട് സിറ്റി സ്ഥാപിക്കാനുള്ള കരാർ ഒപ്പിടുക മാത്രമാണ് ചെയ്തത്. പാട്ടത്തിന് ഭൂമി നൽകിയിട്ടില്ല. അതിനാൽ ചോദ്യം ഇപ്പോൾ ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly